പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1115 | 05.03.2018-ൽ മറുപടിക്ക്

## 2008-ലെ നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനിൽ അക്കര<br>,, ഐ.സി.ബാലകൃഷ്ണൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2008-ലെ നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) 2008 ൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് 2017-ന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഇതു കൂടാതെ 23 നവംബർ 2016-ന് നിയമത്തിലെ 3 എ വകുപ്പ് ഒഴിവാക്കിക്കൊണ്ട് നിയമത്തിൽ ഭേദഗതി വരുത്തിയിരുന്നു. |
| (ബി) 2008-ൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുമ്പ് നികത്തിയ നെൽവയലുകൾ ക്രമീകരിക്കുന്നതിനായി മുൻസർക്കാരിന്റെ കാലത്ത് പ്രസ്തുത നിയമത്തിൽ കൊണ്ടുവന്ന 3 എ ഭേദഗതി ഈ സർക്കാർ റദ്ദ് ചെയ്തിരുന്നോ;എങ്കിൽ അതിനുള്ള കാരണമെന്തായിരുന്നു;വിശദമാക്കുമോ; | (ബി) സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 3 എ ഭേദഗതി റദ്ദ് ചെയ്തിരുന്നു. |
| (സി) പ്രസ്തുത ഭേദഗതിക്ക് സമാനമായ ഭേദഗതി വീണ്ടും കൊണ്ടുവരുവാൻ ആലോചിക്കുന്നുണ്ടോ; | (സി) 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് പ്രകാരം ഡാറ്റാബാങ്കിൽ ഉൾപ്പെടാത്തതും BTR-ൽ നിലമെന്നു രേഖപ്പെടുത്തപ്പെട്ടതുമായ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി ക്രമവൽക്കരിക്കുന്നതിന് അപ്രകാരമുള്ള ഭൂമിയുടെ ന്യായവിലയുടെ അമ്പത് ശതമാനം നിരക്കിൽ ഫീസടച്ച് ക്രമവൽക്കരണ ഉത്തരവിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് വ്യവസ്ഥയുണ്ട്. |

(ഡി) ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ട തണ്ണീർ തടങ്ങളും നെൽവയലും പൊതു ആവശ്യത്തിനായി നികത്തുന്നതിന് പുതിയ ഭേദഗതി പ്രകാരം അനുവാദം നൽകിയിട്ടുണ്ടോ; ഇപ്രകാരമുള്ള ഭേദഗതി കൊണ്ടുവരുവാനുണ്ടായ സാഹചര്യം എന്തൊക്കെയെന്നു വിശദമാക്കുമോ ?

(ഡി) സർക്കാരിന് നെൽവയലിന്റെയോ, തണ്ണീർത്തടത്തിന്റെയോ രൂപാന്തരപ്പെടുത്തലോ പരിവർത്തനപ്പെടുത്തലോ പൊതു ആവശ്യത്തിന് അത്യന്താപേക്ഷിതമാണെന്ന് കരുതുന്ന പക്ഷം, അപ്രകാരമുള്ള ഭൂമി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള വ്യവസ്ഥ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ്, 2017-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ പരിവർത്തനപ്പെടുത്തുമ്പോൾ ഒഴിവാക്കൽ അനുവദിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ അധികമാണെങ്കിൽ അപ്രകാരമുള്ള ഭൂമിയുടെ 10 %, ആവശ്യമായ ജല സംരക്ഷണനടപടികൾക്കായി നീക്കിവയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**